"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - SASCI 2024-25 - തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി വില്ലേജ് ഓഫീസിന് അനുവദിച്ച ഭരണാനുമതി മുകുന്ദപുരം താലൂക്കിലെ മനവലശ്ശേരി വില്ലേജിന് മാറ്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.397/2026/RD തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-
1. 24.01.2025 തീയതിയിലെ സ.ഉ.(സാധാ)നം.204/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.09.2025 തീയതിയിലെ LR/12273/2024-LR(M2)-Part(2) നമ്പർ കത്ത്.

**ഉത്തരവ്**

'Scheme for Special Assistance to States for Capital Investment' - 2024-2025 പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി വില്ലേജ് ഓഫീസ് നിർമാണത്തിന് പരാമർശം 1 പ്രകാരം 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2] കാട്ടുകുറ്റി വില്ലേജ് ഓഫീസ് മുൻപ് പ്രവർത്തിച്ചിരുന്ന സ്ഥലത്തെ പഴയ കെട്ടിടം പൊളിച്ച് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പിൽ തുക നിക്ഷേപിക്കുകയും ചെയ്തിരുന്നുവെന്നും, എന്നാൽ ഈ ഘട്ടത്തിൽ, പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകുമെന്ന് ചൂണ്ടിക്കാട്ടി കാട്ടുകുറ്റി വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്രമേയം പാസ്സാക്കുകയും രാഷ്ട്രീയ കക്ഷികൾ അപേക്ഷ നൽകുകയും ചെയ്തതായും കൂടാതെ പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തൈക്കൂടം എന്ന സ്ഥലം കാട്ടുകുറ്റി ജംഗ്ഷനിൽ നിന്ന് ഏകദേശം 2 കിലോമീറ്റർ അകലെയാണെന്നും ഈ ഭാഗത്തേക്ക് ബസ് സർവീസുകൾ പരിമിതമാണെന്നും, 2018-ലെ പ്രളയത്തിൽ പ്രസ്തുത സ്ഥലത്തെ പഴയ വില്ലേജ് ഓഫീസ് കെട്ടിടം പൂർണ്ണമായും വെള്ളത്തിൽ മുങ്ങിപ്പോയിരുന്നുവെന്നും, മേൽ കാരണങ്ങളാൽ കാട്ടുകുറ്റി വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിച്ചുവരുന്ന ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നതാണ് പൊതു ജനങ്ങൾക്ക് സൗകര്യപ്രദമെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, ഈ സാഹചര്യത്തിൽ കാട്ടുകുറ്റി വില്ലേജ് ഓഫീസിന് അനുവദിച്ച ഭരണാനുമതി മുകുന്ദപുരം താലൂക്കിലെ മനവലശ്ശേരി വില്ലേജിന് മാറ്റി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 2-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'Scheme for Special Assistance to

States for Capital Investment'-2024-25 പ്രകാരം തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി വില്ലേജ് ഓഫീസിന് അനുവദിച്ച ഭരണാനുമതി മുകുന്ദപുരം താലൂക്കിലെ മനവലശ്ശേരി വില്ലേജിന് മാറ്റി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തൃശ്ശൂർ

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba V R

സെക്ഷൻ ഓഫീസർ

Date: 19-02-2026 11:22:46